# മീലാദ് അനൗൺസുകൾ

ആദർശത്തിന്റെ മുഖമുദ്ര ഉയർത്തിപ്പിടിച്ച് പ്രവാചക സ്നേഹത്തിന്റെ നൂൽ ചങ്ങലകൾ കോർത്തിണക്കി പ്രവാചക പ്രേമികൾ അടിവെച്ച് അടിവെച്ച് നീങ്ങുന്നു.

കാറ്റും കോളും ഗോരതാണ്ഡവമാടിയ വിജ്ഞാനത്തിന്റെ അഭ്രപാളികൾക്ക് മീതെ കാർമുഖിൽ കരിമ്പടം തീർത്തപ്പോൾ ജ്ഞാന സമ്പത്തിനു മീതെ പ്രകാശം പരത്തി ഇരുളിലാ ലോകത്തെ സത്യത്തിലേക്ക് നയിച്ച.....

സ്നേഹ സൗഹാർദത്തിന്റെ വീഥികളിൽ അധർമത്തിന്റെ വാഹകരായി സമൂഹത്തിനു മുമ്പിൽ ശത്രുക്കൾ തീർത്ത മർദനത്തിന്റെ വഞ്ചനയുടെ വലയങ്ങൾക്കു നടുവിൽ സത്യവിശ്വാസം പ്രഖ്യാപിച്ച് ധീരതയുടെ പ്രതീകമായി പ്രോജ്വലിച്ച പ്രവാചകൻ..

ഇരുട്ടിന്റെ കഠാര വീണ ഹൃദയങ്ങളിൽ വെളിച്ചത്തിന്റെ അമൃതം നിറച്ച് അജ്ഞതയുടെ ചങ്ങലയിൽ തളർക്കപ്പെട്ടവർക്ക് അറിവിന്റെ വാതായനങ്ങൾ മലർക്കെ തുറന്ന് പരസ്പരം വെറുപ്പിന്റെ മതിൽ കെട്ടുകൾ തീർത്തവർക്കിടയിൽ സ്നേഹോഷ്മളതയുടെ പാലങ്ങൾ പണിത് പകയും വൈരാഗ്യവും ദേഷ്യവും അക്രമവും ഊഷരത തീർത്ത മരുപ്പറമ്പിൽ കനിവിന്റെ ധർമത്തിന്റെ സത്യത്തിന്റെ മരപ്പച്ച തീർത്ത് ലോകത്തിന് പുതിയ സംസ്കാരം പകർന്നു നൽകിയ വിശ്വഗുരു.....

അജ്ഞതയുടെ ഇരുട്ടറയിൽ അറിവിന്റെ നിറദീപമായി അശാന്തിയുടെ മരുപ്പറമ്പിൽ സൗഹൃദത്തിന്റെ മന്ത്രവുമായി അരുതായ്മയുടെ വളഭൂമിയിൽ നന്മയുടെ വിത്തുകളുമായി കടന്നു വന്ന വിശ്വ ഗുരു...

പരിശ്രമത്തിന്റെ തീച്ചൂളയിൽ ആത്മധൈര്യത്തിന്റെ പൊൻകൊട്ടാരം പടുത്തുയർത്തിയ വിശ്വ വിമോചകർ

കലിമത്തു ശഹാദ മനസ്സിലുറപ്പിച്ച് കലിതുള്ളും കുഫ്ഫാറിന്റെ കുതന്ത്രങ്ങൾ സഹിച്ച് കടിപിടി കൂടും മാനവ സമൂഹത്തേ സമാധാനത്തിന്റെ ശാദ്വല ഭൂതലങ്ങളിലേക്ക് കൈപിടിച്ചുയർത്തിയ വിശ്വ വിമോചകൻ....

പ്രവാചക സ്നേഹത്തിന്റെ മധുര സംഗീതം പൊഴിച്ച് മൃതുല മനോഹര ഹൃദയ താളം മുഴക്കി മാറ്റത്തിന്റെ മുന്നേറ്റത്തിന്റെ ഇളം തെന്നലായി തസ്ബീഹിന്റെ ........................

വർത്തമാനത്തിന്റെ വിഹ്വലതകളിലൂടെ സമാധാനത്തിന്റെ ചിരന്തന ഭൂമിയിൽ ചൈതന്യമായ ചിരാതന അദ്ധ്യായവുമായി മനുഷ്യമനസ്സുകളിൽ സാന്ത്വനത്തിന്റെ പരിവർത്തനത്തിന്റെ അഭ്രപാളികൾ മലർക്കേ തുടർന്ന് തലമുറയുടെ ഹൃദയങ്ങളിലേക്ക് നന്മയുടെ സൗകന്തികങ്ങൾ പൂത്തുലച്ച് ഉൽകൃഷ്ടതയുടെ വെൺനുര ചിന്തുന്ന ധവളിമ.....

ഊറ്റിക്കുടിച്ച് വലിച്ചെറിയുന്ന കുഞ്ഞുപ്പെണ്ണുങ്ങളുടെ രോധനങ്ങളും വീറൊടിഞ്ഞ കുടുംബമഹിമകളിൽ വിയർത്തൊലിക്കുന്ന സഹോദരിയുടെ വിതുമ്പലുകളും വർത്തമാന സമൂഹത്തിന്റെ കിനാക്കളിൽ ഡ്രാക്കുളകാളായി അവതരിപ്പിക്കുമ്പോൾ മാനവ സമൂഹത്തിന്റെ സർഗ്ഗ ഭൂമിക പണിത പ്രവാചകർ.....

മനുഷ്യ ജീവിതത്തിന്റെ പൂർണ്ണതക്ക് വിശിഷ്ട സംസ്കാരത്തിന്റെ പാഠപുസ്തകം ജീവിച്ചു കാണിച്ച് പ്രപഞ്ചത്തിന്റെ മഹാഗുരു പ്രവചകർ (സ്വ)...................